# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.26.10.2018

### ഇക്കോ ടൂറിസം മൈക്രോ വെബ്സൈറ്റ് ഉദ്ഘാടനം

സംസ്ഥാന വിനോദസഞ്ചാര വകുപ്പ് തയ്യാറാക്കിയ കേരളത്തിലെ ഇക്കോടൂറിസം കേന്ദ്രങ്ങളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ അടങ്ങുന്ന മൈക്രോ വെബ്സൈറ്റ് ഇന്ന് 12 മണിക്ക് (27.10.2018) സഹകരണ,ടൂറിസം, ദേവസ്വം വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ ഗവ. സെക്രട്ടറിയേറ്റിലെ മന്ത്രിയുടെ ചേമ്പറിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നു.

47 ഇക്കോടൂറിസം കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങളും നിലവിലുള്ള പരിപാടികളുടെ വിശദാംശങ്ങളും, ഇക്കോടൂറിസം കേന്ദ്രങ്ങളുടെ ചിത്രങ്ങളും ഇ-ബ്രോഷറുകളും 500-ൽ പരം വെബ് പേജുകളുള്ള മൈക്രോവെബ്സൈറ്റാണ് സജ്ജീകരിച്ചിട്ടുള്ളത്. ഇക്കോടൂറിസം കേന്ദ്രങ്ങളെയും പരിപാടികളെയും സംബന്ധിക്കുന്ന സഞ്ചാരികൾക്കാവശ്യമായ എല്ലാ വിവരങ്ങളും വെബ്സൈറ്റുവഴി ലഭിക്കുന്നതാണ്.

വൈവിധ്യമുള്ള ട്രെക്കിംഗ് പാക്കേജുകളടക്കം വിനോദ സഞ്ചാരികൾക്ക് ഏറ്റവും പ്രയോജനപ്പെടുന്ന യാത്രാവിവരങ്ങളുമുണ്ട്. സൈലന്റ്‌വാലി, ഇരവികുളം ദേശീയോദ്യാനം, പറമ്പിക്കുളം, പെരിയാർ എന്നീ കടുവാസങ്കേതങ്ങൾ, ചിന്നാർ, ചെന്തുരുണി വന്യമൃഗസങ്കേതം, വയനാട്ടിലെ ചെമ്പ്ര കൊടുമുടി എന്നിവയെ കുറിച്ചും വിശദമായ വിവരങ്ങളുണ്ട്.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ